5

# യോഹന്നാന്റെ പുസ്തകം

## ക്രിസ്തു, എന്ന ദൈവപുത്രൻ

പദാവലിയിലും ശൈലിയിലും, യോഹന്നാന്റെ പുസ്തകം സുവിശേഷ വിവരണങ്ങളിൽ ഏറ്റവും ലളിതമായ ഒന്നാണ്. ഗ്രീക്കു പുതിയ നിയമത്തിന്റെ തുടക്ക വിദ്യാർത്ഥികൾക്ക് പരിശീലിക്കുവാൻ ഉപയോഗിക്കത്തക്ക ലളിതമായതാണ് അത്. നേരെമറിച്ച്, പല വിധത്തിലും യോഹന്നാന്റെ സുവിശേഷം നാലിലും വെച്ച് ഏറ്റവും സങ്കീർണ്ണവുമാണ്, പ്രത്യേകിച്ച് അതു ചർച്ച ചെയ്യേണ്ട വിഷയങ്ങളെ സംബന്ധിച്ച്.

യോഹന്നാന്റെ വിവരണം ഒറ്റപ്പെട്ടതായി നില്ക്കുന്നു: മുൻപുള്ള മൂന്നു സുവിശേഷ വിവരണങ്ങളുടെ വളരെ കുറച്ച് മാത്രമേ അതു നൽകുന്നുള്ളൂ; അതിന് ഒരു പ്രത്യേക മുഖവുരയും (1:1–18) ഒരു പ്രത്യേക ഉദ്ദേശ വാചകവുമുണ്ട് (20:30, 31). ആദ്യത്തെ മൂന്നു പുസ്തകങ്ങളിൽ നിന്ന് യോഹന്നാന്റെ പുസ്തകം എന്തുകൊണ്ട് വ്യത്യാസമുള്ളതാണെന്ന് മനസ്സിലാക്കുവാൻ, അതെഴുതിയ ചുറ്റുപാടുകൾ നാം മനസ്സിലാക്കേണ്ടതുണ്ട്.

### യോഹന്നാന്റെ പുസ്തകത്തിനുള്ള മുഖവുര

**പുസ്തകത്തിന്റെ എഴുത്തുകാരൻ**

"യേശു സ്നേഹിച്ച ശിഷ്യനെ" പുസ്തകം പരിചയപ്പെടുത്തുന്നത് "ഇതെഴുതിയവൻ ... ആകുന്നു" എന്ന രീതിയിലാണ് (21:20, 24).[1] ഈ ശിഷ്യൻ അപ്പൊസ്തലനായ യോഹന്നാൻ[2] ആണെന്ന് പ്രാരംഭ ക്രിസ്ത്യാനികൾക്ക് ബോധ്യമായിരുന്നു. ആദ്യത്തെ മൂന്നു സുവിശേഷ വിവരണങ്ങളെ സൂചിപ്പിച്ച് ഐറേനിയസ് പറഞ്ഞു, "പിന്നീട് യോഹന്നാൻ, കർത്താവിന്റെ മാർവോടു ചേർന്നിരുന്ന ശിഷ്യനും, ആസ്യയിലെ എഫെസോസിൽ താമസിച്ചപ്പോൾ ഒരു സുവിശേഷം പ്രസിദ്ധീകരിച്ചവനുമാണ്."[3] ഈ അപ്പൊസ്തലന് പുസ്തകം സമർപ്പിച്ചവരിൽ രണ്ടാം നൂറ്റാണ്ടിലെ, അന്ത്യോക്യക്കാരനായ തെയോഫിലസ്; അലക്സന്തരിയക്കാരനായ ക്ളെമന്റ്; തെർത്തുല്ല്യൻ (സി.എ.ഡി. 155–225); ഒറീഗൻ; കൂടാതെ ഹിപ്പോളിറ്റസ് (സി.എ.ഡി. 170–235) എന്നിവർ ഉൾപ്പെടുന്നു.

പുസ്തകത്തിന്റെ ആന്തരിക തെളിവുകൾ ഈ തീർപ്പിനോടു യോജിക്കുന്നു:[4] യെഹൂദ പെരുന്നാളുകളെ കുറിച്ചും, യെഹൂദ ആചാരങ്ങളെ കുറിച്ചും, യെഹൂദന്മാർക്കു ശമര്യക്കാരോടുള്ള ബന്ധത്തെ കുറിച്ചും അറിവുള്ള ഒരു യെഹൂദനായിരുന്നു എഴുത്തുകാരൻ. അതിലുപരി, പൊതുവിൽ പാലസ്തീനിനെയും പ്രത്യേകിച്ച് യെരുശലേമിനെയും കുറിച്ചു ആഴത്തിൽ ജ്ഞാനമുള്ള ഒരു പാലസ്തീൻ യെഹൂദൻ ആയിരുന്നു എഴുത്തുകാരൻ. ഏതാണ്ട് അവൻ എഴുതിയ എല്ലാ സംഭവങ്ങളും കണ്ട ഒരു സാക്ഷിയായിരുന്നു അവൻ (1:14; 21:24 നോക്കുക). ആ വസ്തുതകൾ

അപ്പൊസ്തലനായ യോഹന്നാന്[5] യോജിക്കുന്നതാണ്.

യോഹന്നാന്റെ ജീവിതത്തെ കുറിച്ചുള്ള ചുരുങ്ങിയ കാര്യങ്ങൾ ക്രമത്തിലുള്ളവയാണ്: "യെഹോവ കൃപയുള്ളവൻ" എന്നർത്ഥമുള്ള ഒരു എബ്രായ വാക്കിന്റെ ചുരുക്ക രൂപമാണ് അവന്റെ പേര്. അവന്റെ അപ്പനും അമ്മയും സെബദിയും ശലോമിയുമായിരുന്നു (മർക്കൊസ് 1:19, 20; 16:1 [മർക്കൊസ് 16:1 മത്തായി 27:56–മായി താരതമ്യം ചെയ്യുക]).[6] അവനും അവന്റെ സഹോദരൻ, യാക്കൊബും, മീൻ പിടിക്കുന്നവരായിരുന്നു (മർക്കൊസ് 1:19, 20) – പത്രൊസിന്റെ കൂട്ടുകാരും ആയിരുന്നു (ലൂക്കൊസ് 5:10). യോഹന്നാന്റേത് ഒരു നല്ല–നിലയിൽ–ഉള്ള ഭവനമായിരുന്നു. അവർക്കു ദാസന്മാരുണ്ടായിരുന്നു (മർക്കൊസ് 1:20), അവർക്ക് രാഷ്ട്രീയ ബന്ധങ്ങളും ഉണ്ടായിരുന്നു. (യോഹന്നാനെ മഹാപുരോഹിതന് അറിയാമായിരുന്നതുകൊണ്ട് മഹാപുരോഹിതന്റെ മുറ്റത്തേക്ക് പ്രവേശിക്കുവാൻ പത്രൊസിനെ അനുവദിച്ചു [യോഹന്നാൻ 18:15, 16].)

ഒരുപക്ഷെ യോഹന്നാൻ 1:35–40 ലെ പേർ പറഞ്ഞിട്ടില്ലാത്ത ശിഷ്യൻ, യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്ന യോഹന്നാൻ ആയിരുന്നേക്കാം. എങ്ങനെയായാലും, യേശു അവനെ തന്റെ ശിഷ്യന്മാരിൽ ഒരാളാകുവാൻ വിളിച്ചു (മത്തായി 4:18–22). അവനെ പിന്നീട് പന്ത്രണ്ടു അപ്പൊസ്തലന്മാരിൽ ഒരാളായി തിരഞ്ഞെടുത്തു (മത്തായി 10:2). അവനെ പൊതുവിൽ അപ്പൊസ്തലന്മാരിൽ[7] ഏറ്റവും പ്രായം കുറഞ്ഞവനായി കണക്കാക്കിയിരുന്നു.

കർത്താവുമായി ഒരു പ്രത്യേക ബന്ധം ആസ്വദിച്ചവനായിരുന്നു യോഹന്നാൻ: അവൻ സ്വാധീനമുള്ള മൂന്നുപേരുള്ള സംഘത്തിലെ ഒരാളായിരുന്നു (മർക്കൊസ് 5:37–40; 9:2; 14:33) കർത്തൃമേശയിൽ അവനു പ്രത്യേക ആദരവുള്ള സ്ഥാനവും ഉണ്ടായിരുന്നു (യോഹ ന്നാൻ 13:23). യേശു സ്നേഹിച്ച ശിഷ്യനെന്നാണ് അവൻ തന്നെ കുറിച്ചു പറഞ്ഞത് (13:23; 19:26; 20:2; 21:7, 20).

കാഴ്ച്ചയിൽ തീവ്ര വികാരാധീനനായ മനുഷ്യനായിരുന്ന, യോഹന്നാന് യേശു വിളിച്ചപ്പോൾ കടുത്ത ദേഷ്യമുണ്ടായി (ലൂക്കൊസ് 9:49–56; മർക്കൊസ് 3:17). അവൻ അത്യധികം ആകാംക്ഷയുള്ളവനായിരുന്നു (മർക്കൊസ് 10:35–37). അവന്റെ ആ വികാരത്തെ നിയന്ത്രിച്ച് നന്നായി ഉപയോഗിക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞു. യേശു മരിക്കുന്നതിനു തൊട്ടുമുൻപ്, തന്റെ അമ്മയെ സംരക്ഷിക്കുവാൻ യോഹ ന്നാനെയാണ് ഏൽപിച്ചത് (യോഹന്നാൻ 19:25–27). ക്രമേണ, യോഹന്നാൻ സ്നേഹത്തിന്റെ അപ്പൊസ്തലനായി അറിയപ്പെട്ടു. (1 യോഹന്നാന്റെ ചെറിയ ആ ലേഖനത്തിൽ തന്നെ "സ്നേഹം" എന്ന വാക്ക് അൻപതു പ്രാവശ്യം ഉള്ളതായി കാണാം.)

സഭ ആരംഭിച്ചശേഷം, യോഹന്നാൻ അപ്പൊസ്തലന്മാർക്കിടയിൽ ഒരു പ്രമുഖ സ്ഥാനമുള്ളവനായി തുടർന്നു (പ്രവൃത്തികൾ 3:1; 4:19; 8:14; ഗലാത്യർ 2:9, 10). ദൈവശ്വാസീയമല്ലാത്ത ആചാരമനുസരിച്ച്, അവന്റെ അവസാന ശുശ്രൂഷ എഫെസൊസിൽ ആയിരുന്നു. വെളിപ്പാടിൽ നിന്ന് നമുക്ക് അറിയാം, റോമൻ ഉപദ്രവം ആരംഭിച്ചപ്പോൾ, യോഹന്നാനെ എഫെസൊസിൽ നിന്ന് അയേഗ്യൻ കടൽ കടന്ന്, പത്മോസ് ദ്വീപിലേക്ക് നാടുകടത്തിയിരുന്നു (നോക്കുക വെളിപ്പാട് 1:9; 2:1). പ്രാരംഭ ക്രിസ്തീയ എഴുത്തുകാർ പറഞ്ഞതനുസരിച്ച്, ഡൊമീഷ്യന്റെ മരണത്തോടെ,

യോഹന്നാനെ എഫെസോസിലേക്ക് മടങ്ങി വരുവാൻ അനുവദിച്ചു, അവിടെ അവൻ തന്റെ മരണംവരെ[8] പ്രവർത്തിച്ചു. അവൻ എഫെസൊസിൽ താമസിച്ച സമയത്തായിരിക്കാം തന്റെ സുവിശേഷവിവരണവും മൂന്ന് ലേഖനങ്ങളും (1, 2, 3 യോഹന്നാൻ) ഒരുപക്ഷെ എഴുതിയത്.

**പുസ്തകത്തിന്റെ തീയതി**

മറ്റു മൂന്നു സുവിശേഷ വിവരണങ്ങൾക്കും ശേഷമാണ് യോഹന്നാൻ തന്റെ പുസ്തകം എഴുതിയതെന്ന് പ്രാരംഭ ക്രിസ്തീയ എഴുത്തുകാർ സൂചിപ്പിക്കുന്നു. മുൻപു പറഞ്ഞതുപോലെ, മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവക്കുശേഷം ''ആസ്യയിലെ എഫെസൊസിൽ താമസിക്കുമ്പോഴായിരുന്നു''[9] യോഹന്നാൻ തന്റെ പുസ്തകം എഴുതിയ തെന്ന് ഐറേനിയസ് പറഞ്ഞു.

എന്തുകൊണ്ടായിരിക്കണം യോഹന്നാൻ തന്റെ സുവിശേഷം പിന്നീടു എഴുതിയത്?[10] മറ്റ് മൂന്നു എഴുത്തുകാരുടെയും എഴുത്തുകളോട് കൂട്ടിചേർക്കുവാൻ ആയിരിക്കാം അവൻ അങ്ങനെ ചെയ്തത്. മത്തായി യുടെയും, മർക്കൊസിന്റേയും, ലൂക്കൊസിന്റെയും പുസ്തകങ്ങളിൽ ലഭ്യമായ അടിസ്ഥാന വിവരങ്ങളോട് അവൻ വിശ്വസനീയ വിശദീകര ണങ്ങൾ കൂട്ടിചേർക്കുവാൻ ആഗ്രഹിച്ചിരിക്കാം.

ആദ്യ സുവിശേഷ വിവരണങ്ങൾ എഴുതിയശേഷം വളർന്നുവന്ന തെറ്റായ ആശയങ്ങളെ ശക്തമായി എതിർക്കുവാനും ആയിരിക്കാം അവൻ അങ്ങനെ എഴുതിയത്. യോഹന്നാന്റെ പുസ്തകവും 1 യോഹന്നാന്റെ ലേഖനവും തമ്മിൽ താരതമ്യം ചെയ്യുന്നതു അതു സൂചിപ്പിക്കുന്നു.[11] യേശു ക്രിസ്തുവാണെന്നു സമ്മതിക്കാത്ത, ദുരുപദേഷ്ടാക്കന്മാർ എഴുന്നേറ്റിരുന്നു (1 യോഹന്നാൻ 2:22). അവർ പഠിപ്പിച്ചത് ക്രിസ്തു ജഡത്തിൽ വന്നില്ല എന്നും (2 യോഹന്നാൻ 7; കൂടാതെ 1 യോഹന്നാൻ 4:2-ഉം നോക്കുക), ഭൂമിയിൽ നടന്ന യേശുവായിരുന്നില്ല കാത്തിരുന്നതായ-ക്രിസ്തു[12] എന്നുമാണ്. അതുകൊണ്ടു യോഹന്നാൻ "വചനം [യേശു[13]] *ജഡമായി* തീർന്നു, നമ്മുടെ ഇടയിൽ പാർത്തു'' എന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ടു തന്റെ വിവരണം തുടങ്ങുന്നു (യോഹന്നാൻ 1:14; എംഫസിസ് മൈൻ). "*യേശു ക്രിസ്തു* ആണ്'' എന്ന് എല്ലാവരെയും ബോധ്യപ്പെടുത്തുക എന്നതായിരുന്നു അവന്റെ പ്രഖ്യാപനത്തിന്റെ ഉദ്ദേശ്യം (20:31; എംഫസിസ് മൈൻ).

മുകളിൽ പറഞ്ഞവയെ പരിഗണിച്ചാൽ, മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ പുസ്തകങ്ങൾ എഴുതിയശേഷം കുറേ സമയം കടന്നു പോയിരിക്കാം – ഒരുപക്ഷെ പല പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കാം എന്നു വ്യക്തമാണ്. മിക്ക യാഥാസ്ഥിതികരായ എഴുത്തുകാരും യോഹന്നാന്റെ പുസ്തകമെഴുതിയത് 90-കളിൽ[14] ആണെന്നാണ് കണക്കാക്കുന്നത്.

**പുസ്തകത്തിന്റെ ഉദ്ദേശം**

നാം കണ്ടതുപോലെ, യോഹന്നാന്റെ പുസ്തകത്തിന് ഒരു പ്രത്യേക ഉദ്ദേശ വാചകമുണ്ട്:

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ, മറ്റു അനേകം

അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു; എന്നാൽ യേശു ദൈവപുത്രനായ, ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും; വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു (20:30, 31).

അടുത്തബന്ധമുള്ള മൂന്നു ഭാഗങ്ങളായി യോഹന്നാന്റെ ഉദ്ദേശത്തെ നമുക്കു ഭാഗിക്കാവുന്നതാണ്:

(1) യേശുവിന്റെ ദൈവികത്വത്തെ സ്ഥാപിക്കുവാനാണ് യോഹന്നാൻ എഴുതിയത്: "യേശു, ദൈവത്തിന്റെ പുത്രനായ ക്രിസ്തു." യേശു ദൈവത്തിന്റെ "ഏകജാതനായ പുത്രൻ'' ആണെന്ന് എല്ലാവരും അറിയുവാൻ അവൻ ആഗ്രഹിച്ചു (3:16). ഓരോ പേജിലും യേശുവിന്റെ ദൈവികത്വം വെളിപ്പെടുത്തിയിട്ടുണ്ട് (നോക്കുക 1:1; 8:58; 10:30; 14:9; 20:28). യോഹന്നാനെ കുറിച്ചു പറയപ്പെടുന്നത് "അവൻ ഓരോ സമയത്തും പേന മുക്കിയിരുന്നത് തന്റെ ജീവശ്വാസമായ ഈ പ്രാർത്ഥനയുടെ മഷിയിലാണ്: 'കർത്താവേ, ഞാൻ എഴുതുന്നതിനാൽ യേശുവിനെ ആളുകൾ വിശ്വസിക്കുമാറാകേണമേ.'"[15]

യേശുവിന്റെ അത്ഭുതങ്ങളായിരുന്നു യോഹന്നാൻ നല്കിയ ഒരു തെളിവ്. ആ അത്ഭുതങ്ങൾക്ക് യോഹന്നാൻ ഉപയോഗിച്ച വാക്ക് "അടയാളങ്ങൾ" എന്നായിരുന്നു (20:30; കൂടാതെ നോക്കുക 2:11; 4:54; 6:2):[16] യേശു അവകാശപ്പെട്ടതു വാസ്തവമാണെന്നു ദൈവത്തിൽ നിന്നു തെളിയിക്കുന്ന അടയാളങ്ങൾ ആയിരുന്നു അവ (2:23; 3:2; 4:54; 6:14). യേശു ചെയ്ത എല്ലാ അത്ഭുതങ്ങളിൽനിന്നും, യോഹന്നാൻ ഏഴെണ്ണം തിരഞ്ഞെടുത്തു (2:1–11; 4:46–54; 5:1–9; 6:14 [വാ. 26–ഉം 30–ഉം നോക്കുക], 16–21; 9:1–41; 11:1–45). അവയിൽ രണ്ടെണ്ണം പൊതുവായ തിൽ കാണാം, എന്നാൽ അഞ്ചെണ്ണം യോഹന്നാന്റെ പുസ്തകത്തിൽ മാത്രമാണ് കാണുന്നത്. യോഹന്നാനെ തിരഞ്ഞെടുത്തതിനെ കുറിച്ചു, മെറിൽ ടെന്നി പറഞ്ഞു, ''മനുഷ്യന്റെ ജീവിതത്തെ ബാധിക്കുന്ന നിയമത്തിന്റെയോ അവസ്ഥയുടെയോ മാറ്റത്തെ സ്വാധീനിക്കുവാൻ അവനു കഴിയാത്തിടത്ത് ആ ഏഴു അത്ഭുതങ്ങൾ ഉചിതമായി പ്രവർത്തിച്ചു. മനുഷ്യൻ എവിടെയെല്ലാം അശക്തനായോ അവിടെയെല്ലാം യേശു ശക്തനാണെന്നു തെളിയിച്ചു. ..."[17]

(2) യേശുവിൽ വിശ്വാസം ജനിപ്പിക്കുവാനാണ് യോഹന്നാൻ എഴുതിയത്: "നിങ്ങൾ വിശ്വസിക്കുവാൻ." യോഹന്നാന്റെ പുസ്തകത്തിൽ "വിശ്വാസം" എന്ന വാക്ക്, വിവിധ രൂപത്തിൽ, ഏതാണ്ട് നൂറു പ്രാവശ്യം കാണാം. തന്റെ ശ്രോതാക്കളോട് യേശു പറഞ്ഞു, ''ഞാൻ അങ്ങനെയുള്ളവൻ [ക്രിസ്തു] എന്ന് നിങ്ങൾ വിശ്വസിച്ചില്ല എങ്കിൽ, നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും" (8:24).

''വിശ്വാസം'' എന്നതുകൊണ്ട്, ''മാനസികമായ സമ്മതം'' എന്നല്ല യോഹന്നാൻ അർത്ഥമാക്കിയത്. യോഹന്നാൻ 1:12–ൽ വിശ്വസിക്കൽ എന്നതിന്റെയും ലഭിക്കൽ എന്നതിന്റെയും വസ്തുതകൾ അവൻ മാറി മാറി ഉപയോഗിച്ചിട്ടുണ്ട്: ''അവനെ *കൈക്കൊണ്ടു*, അവന്റെ നാമത്തിൽ *വിശ്വസിക്കുന്ന* ഏവർക്കും, ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." (എംഫസിസ് മൈൻ.) യേശുവിൽ വിശ്വസിക്കുക എന്നു

പറഞ്ഞാൽ ചോദ്യം കൂടാതെ അവനെ കൈക്കൊള്ളുന്നതാണ്. 3:36–ൽ, വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ആശയങ്ങൾ യോഹന്നാൻ മാറിമാറി ഉപയോഗിച്ചിട്ടുണ്ട്: ''പുത്രനിൽ *വിശ്വസി*ക്കുന്നവന് നിത്യജീവനുണ്ട്; പുത്രനെ *അനുസരി*ക്കാത്തവൻ ജീവനെ കാണുകയില്ല, ദൈവകോപം അവനിൽ വസിക്കുന്നു.'' വാസ്തവത്തിലുള്ള വിശ്വാസം എപ്പോഴും അനുസരണത്തിലാണ് പ്രകടമാകുന്നത്. 2:24–ൽ "വിശ്വാസം" എന്നതിനുള്ള ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് "ആശ്രയം"[18] എന്ന വാക്കിന്റെ രൂപത്തിലാണ്. ഒരാൾ രക്ഷിക്കപ്പെടണമെങ്കിൽ, അയാൾ സ്വയം ആശ്രയിക്കുന്നതിനുപകരം യേശുവിലും അവന്റെ യാഗത്തിലും ആശ്രയിക്കുവാൻ ശീലിക്കണം.

(3) ആളുകൾക്ക് ജീവൻ ഉണ്ടാകേണ്ടതിനത്രെ യോഹന്നാൻ എഴുതിയത്: "വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിന്." യോഹന്നാൻ പറഞ്ഞ ''ജീവൻ'' എന്നത് ശ്വസിക്കുന്നതിനെയും മറ്റ് ഭൗതികമായ നടപടികളെയും അല്ല അർത്ഥമാക്കുന്നത്. മറിച്ച്, അവൻ സൂചിപ്പിച്ചത് "ഒരു വിശ്വാസിക്ക് അവന്റെ രക്ഷയിൽ ലഭിക്കുന്നതായ ആകെ മൊത്ത കാര്യങ്ങളാണ്."[19] യോഹന്നാൻ 17–ലെ യേശുവിന്റെ പ്രാർത്ഥനയിൽ, അവൻ പറഞ്ഞു, "ഏകസത്യദൈവമായ നിന്നെയും, നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും, അറിയുന്നതുതന്നേ, നിത്യജീവൻ ആകുന്നു" (17:3).

യോഹന്നാന്റെ വിവരണത്തെ "സർവ്വദേശീയ സുവിശേഷം" എന്നു വിളിച്ചിട്ടുണ്ട്. യെഹൂദ ആചാരങ്ങളെ അവൻ പ്രത്യേകമായി വിശദീകരിച്ചു എന്ന വസ്തുത (ഉദാഹരണമായി, 2:13; 4:9; 19:31 നോക്കുക) സൂചിപ്പിക്കുന്നത് തന്റേതായ വേഗതയ്ക്കുമപ്പുറം താൻ ഉദ്ദേശിച്ച സദസ്യർ എത്തി എന്നാണ്. യോഹന്നാന്റെ പുസ്തകത്തിലെ സർവ്വദേശീയ അപേക്ഷ കൊണ്ട്, അതു പലപ്പോഴും വേറിട്ട ചെറിയ പുസ്തകമായി അച്ചടിച്ചിരുന്നു. ആ രൂപത്തിൽ, ലോകം മുഴുവൻ അത് വിതരണം ചെയ്തുവരുന്നു. അതിനെ വളരെ വിസ്തൃതമായി വിതരണം ചെയ്ത നിലവിലുള്ള ഒരു സാഹിത്യ പുസ്തകമായി അറിയപ്പെടുന്നു.

**പുസ്തകത്തിന്റെ സ്വഭാവ വിശേഷതകൾ**

യോഹന്നാന്റെ സുവിശേഷത്തിന്റെ പല പ്രത്യേക സ്വഭാവ വിശേഷ തകളും നൽകിക്കഴിഞ്ഞു. മറ്റ് സ്വഭാവ വിശേഷതകൾ അധികവും അതിന്റെ ഉദ്ദേശവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്.

യോഹന്നാനിലെ ഏഴ് "അടയാളങ്ങൾക്കു" പുറമെ, യേശുവിന്റെ ഏഴ് "ഞാൻ" എന്നതും കാണാം: ദൈവികത്വത്തിനു ഏഴ് അവകാശങ്ങൾ (6:35; 8:12, 58; 10:11; 11:25; 14:6; 15:1).[20]

പൊതുവായ സുവിശേഷങ്ങളിലേതുപോലെ, യേശുവിന്റെ പ്രായോഗിക സന്ദേശങ്ങൾക്കു ഊന്നൽ നൽകുന്നതിനു പകരം, യോഹന്നാൻ യേശുവിന്റെ സ്വഭാവത്തെയും ദൗത്യത്തെയും കുറിച്ചുള്ള പ്രസംഗങ്ങളാണ് ആഴത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

യേശുവിന്റെ പരസ്യപ്രഖ്യാപനങ്ങൾക്കല്ല യോഹന്നാന്റെ പുസ്ത കത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്, എന്നാൽ അവന്റെ വ്യക്തി കളുമായുള്ള, രഹസ്യ ചർച്ചകൾക്കാണ് – ഉദാഹരണത്തിന് നിക്കൊദെ

മോസിനോടും (അദ്ധ്യായം 3) ശമര്യക്കാരി സ്ത്രീയോടും നടത്തിയത് (അദ്ധ്യായം 4). ഇരുപത്തി–ഏഴു മുഖാമുഖങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്, അതിൽ ചിലതു വിപുലമായതും മറ്റുചിലതു ചുരുക്കമായതുമാണ്.

യോഹന്നാന്റെ പുസ്തകത്തിൽ വിവിധ വ്യക്തിത്വങ്ങളെ കുറിച്ചുള്ള പഠനങ്ങളുണ്ട് – കൂടുതലും ഒരുപരിധിവരെ അറിയപ്പെടാത്തവരായ നിക്കൊദെമോസിനെയും (3:1–15; 7:50–52; 19:39), ഫിലിപ്പോസിനെയും (1:43–46; 6:5–7; 14:8–11), തോമസിനെയും (11:16; 14:5,6; 20:24–29), കൂടാതെ മാർത്തയെയും മറിയയെയും (11:1–40; 12:2–8) കുറിച്ചുള്ളതാണ്. മിക്ക സംഭവങ്ങളിലും, ആ ആളുകളെ സൂചിപ്പിക്കുന്നത് വിശ്വാസ വളർച്ചയെ കാണിക്കുന്നു.

എല്ലാ സുവിശേഷ വിവരണങ്ങളും വലിയ ഊന്നൽ കൊടുത്തിരിക്കുന്നത് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കാണ്; എന്നാൽ മറ്റുള്ളവയെക്കാൾ കൂടുതൽ വിവരങ്ങൾ യോഹന്നാൻ നൽകുന്നു. ഈ വിവരണത്തിന്റെ ഒന്നു–പകുതി വിവരണവും ക്രൂശിൽ തറെക്കലുമായി ബന്ധപ്പെട്ട സംഭവങ്ങളെ കുറിച്ചാണ് പറയുന്നത്. ഈ പുസ്തകത്തിലെ വിവരണങ്ങൾ എല്ലാം വിധിനിർണ്ണായകമായ ''നാഴിക'' യിലേക്ക് നീങ്ങുന്നതാണ് (2:4; 4:21, 23; 5:25, 28; 7:30; 8:20; 12:23, 27; 13:1).

യോഹന്നാന്റെ പുസ്തകത്തിലെ മറ്റു പ്രത്യേക കാഴ്ച്ചപ്പാടും പറയുവാൻ കഴിയും: പരിവർത്തനത്തെ ഒരു പുതിയ ജനനമായി ഈ സുവിശേഷ വിവരണത്തിൽ മാത്രമാണ് പറയുന്നത് (3:3, 5), യോഹന്നാൻ തന്റെ ആദ്യത്തെ ലേഖനത്തിലും ഈ വിഷയം തുടരുന്നുണ്ട് (1 യോഹന്നാൻ 2:29; 3:9; 4:7; 5:1, 4, 18). അപ്പൊസ്തലന്മാരെ നയിക്കേണ്ടതിന് പരിശുദ്ധാത്മാവ് വരുന്നതിനെയും അവൻ ഊന്നി പറഞ്ഞിട്ടുണ്ട് (14:16, 17, 26; 15:26; 16:13, 14).

**പുസ്തകത്തിന്റെ വിഭജനങ്ങൾ**

യേശുവിന്റെ ആദ്യ ശുശ്രൂഷക്ക് ഊന്നൽ കൊടുത്തിരിക്കുന്നു എന്നതാണ് യോഹന്നാന്റെ പുസ്തകത്തിന്റെ മറ്റൊരു ശ്രദ്ധിക്കപ്പെടുന്ന പ്രത്യേകത. പൊതുവായ വിവരണങ്ങൾ പെട്ടെന്ന് “വലിയ ഗലീലിയൻ ശുശ്രൂഷ” എന്നു വിളിക്കുന്നതിലേക്ക് കടക്കുന്നു, എന്നാൽ യോഹന്നാൻ യേശുവിന്റെ യെരുശലേമിലേയും യെഹൂദ്യയിലേയും പ്രാരംഭ ശുശ്രൂഷയെ കുറിച്ചാണ് പറയുന്നത്. യേശുവിന്റെ ഗലീലിയാ ശുശ്രൂഷക്കിടയിൽ പോലുമുള്ള യെരുശലേമിലേക്കുള്ള യാത്രയെ കുറിച്ചും യോഹന്നാൻ വിവരിക്കുന്നുണ്ട്. ആ ഊന്നലുകളുടെ എല്ലാം ഫലമായി, യോഹന്നാൻ മൂന്ന് (ഒരുപക്ഷെ നാലു) പെസഹാ പെരുന്നാളുകളെ കുറിച്ചു സൂചിപ്പിക്കുന്നു (2:13; 6:4; 11:55–57; 5:1?).[21] യോഹന്നാന്റെ പുസ്തകത്തിന്റെ ഏതു ബാഹ്യരൂപരേഖയും യേശുവിന്റെ യെരുശലേം പ്രവർത്തനവുമായുള്ള അവന്റെ മുൻതാൽപര്യത്തെ കാണിക്കുന്നു.

അദ്ധ്യായം 13 മുതൽ 17 വരെ യേശുവിന്റെ അപ്പൊസ്തലന്മാർക്കു നൽകുന്ന ഉപദേശങ്ങളുടെ വലിപ്പം നിമിത്തം, പല ബാഹ്യരൂപരേഖയും യോഹന്നാന്റെ വിവരണത്തെ മൂന്നു ഭാഗങ്ങളായി തിരിക്കുന്നു: (1) യേശുവിന്റെ പരസ്യശുശ്രൂഷ (1:19–12:50); (2) യേശുവിന്റെ രഹസ്യശുശ്രൂഷ (13:1–17:26); (3) യേശുവിന്റെ സർവ്വദേശീയ ശുശ്രൂഷ (അവന്റെ മരണം, അടക്കം, ഉയിർപ്പ്) (18:1–21:25). ടെന്നി യേശുവിന്റെ

പരസ്യശുശ്രൂഷയിലെ മുഖ്യപോയിന്റുകളെ, ''സി'' ഉപയോഗിച്ച് തരം തിരിച്ചിരിക്കുന്നു.[22] ഷാക്കെൽഫോർഡ് ഈ ഔട്ട് ലൈൻ ഉണ്ടാക്കുവാൻ ടെന്നിയുടെ മുഖ്യ വാക്കുകൾ എടുത്തിരിക്കുന്നു: ആമുഖം (1:1–18); യേശുവിന്റെ അവകാശങ്ങളെ കുറിച്ചുള്ള പരിഗണന (1:19–4:54); യെഹൂദന്മാരുമായുള്ള വാദം (5:1–6:71); യെഹൂദന്മാരോടുള്ള ഏറ്റുമുട്ടൽ (7:1–11:53); യേശുവിന്റെ അവകാശകളിന്മേൽ ഉള്ള പ്രതിസന്ധി (11:54–12:36); ശിഷ്യന്മാരുമായി സമ്മേളിക്കുന്നു (12:37–17:26); യേശുവിന്റെ പ്രവൃത്തിയുടെ പൂർത്തീകരണം (18:1–20:31); ഉപസംഹാരം (21:1–25).[23]

യോഹന്നാന്റെ പുസ്തകത്തിന്റെ പകുതിയിൽ കൂടുതലും യേശുവിന്റെ മരണത്തെ കേന്ദ്രീകരിച്ചുള്ളതാണ് എന്നതിന് ഊന്നൽ കൊടുക്കുവാൻ, എന്റെ ബാഹ്യരൂപരേഖയിൽ രണ്ടു വിഭജനങ്ങളാണ് ഉള്ളത്: (1) യേശുവിന്റെ പൊതുവായ ശുശ്രൂഷയും, (2) യേശുവിന്റെ മരണത്തെ ചുറ്റിപ്പറ്റിയുള്ള, അവന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ചയും. ആദ്യത്തെ മുഖ്യ വിഭജനം അവന്റെ യെരുശലേമിലേക്കും യെഹൂദ്യയിലേക്കുമുള്ള യാത്രയെ കുറിച്ചു വിവരിക്കുന്നു. രണ്ടാമത്തെ മുഖ്യ വിഭജനത്തിൽ രണ്ടു പ്രധാന ഭാഗങ്ങൾ ഉണ്ട്: (1) അദ്ധ്യായം 13 മുതൽ 17 വരെയുള്ള ഭാഗത്ത് യേശുവിന്റെ ശിഷ്യന്മാരോടുള്ള അവന്റെ അവസാന വാക്കുകളും (2) ക്രൂശിലേക്ക് നയിക്കുന്ന മറ്റു സംഭവങ്ങളും.

---

## യോഹന്നാന്റെ പുസ്തകത്തിന്റെ ബാഹ്യരേഖാരൂപം

**മുഖവുര (ആമുഖം) (1:1–18).**

- A. യേശുവിന്റെ പ്രത്യേകതകൾ (വാ. 1–5, 14, 16–18 നോക്കുക).
- B. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം (വാ. 6–8, 15 നോക്കുക).

I. ദൈവപുത്രന്റെ ശുശ്രൂഷ: മൂന്നുവർഷ തയ്യാറെടുപ്പ് (1:19–11:57).
- A. അവന്റെ ശുശ്രൂഷയുടെ ആരംഭം (1:19–2:12).
  1. അവന്റെ ആദ്യശിഷ്യന്മാർ (1:19–51).
     - a. സാക്ഷ്യം: "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്!" – യേശുവിന്റെ സ്നാനത്തെ കുറിച്ചുള്ള സൂചനയും.
     - b. ശിഷ്യന്മാർ: അന്ത്രിയോസും, പത്രൊസും, ഫിലിപ്പൊസും, നഥനയേലും (യോഹന്നാനും?).
  2. അവന്റെ ആദ്യ അത്ഭുതം (2:1–11).
  3. അവന്റെ ആദ്യ കഫർന്നഹൂം സന്ദർശനം (2:12).
- B. അവന്റെ ആരംഭ യെഹൂദ്യാശുശ്രൂഷ (2:13–3:36).
  1. യെരുശലേമിലേക്ക്: പെസഹ (അവന്റെ ശുശ്രൂഷയുടെ ഇടയ്ക്കുള്ള *ആദ്യ പെസഹ*) (2:13).
  2. യെരുശലേമിൽ (2:14–3:21):
     - a. പൊൻവാണിഭക്കാരെ ഓടിക്കുന്നു (2:14–17).
     - b. പുനരുത്ഥാനത്തെ കുറിച്ചുള്ള ഉപദേശം (2:18–22).
     - c. അത്ഭുതങ്ങൾ ചെയ്യുന്നു (2:23–25).
     - d. നിക്കൊദെമോസിനെ ഉപദേശിക്കുന്നു (3:1–21) –

പുതിയ ജനനത്തിന്റെ വെല്ലുവിളി.

3. യെഹൂദ്യയിൽ (3:22–36):
   a. യേശുവിന്റെ വിജയവും അവന്റെ ശിഷ്യന്മാരും (3:22; കൂടാതെ 4:1 നോക്കുക).
   b. യോഹന്നാന്റെ ശിഷ്യന്മാരുടെ അസൂയ (3:23–36).

C. അവന്റെ ഗലീലി, യെഹൂദ്യ, തുടങ്ങിയ പ്രദേശങ്ങളിലെ ശുശ്രൂഷ (4:1–11:54).

1. ഗലീലിയയിലേക്കുള്ള വഴിയിൽ (4:1–45).
   a. യാത്ര തുടങ്ങി (4:1–3).
   b. യാത്ര തടസ്സപ്പെട്ടു: കിണറ്റിനരികെ ശമര്യക്കാരി സ്ത്രീ (4:4–42).
   c. യാത്ര പൂർത്തിയാക്കി (4:43–45).
2. ഗലീലിയയിൽ: ഒരുദ്യോഗസ്ഥന്റെ മകനെ സൗഖ്യമാക്കുന്നു (4:46–54).
3. യെരുശലേമിലേക്ക് ഒരു പെരുന്നാളിനായി മടങ്ങിവരുന്നു (*രണ്ടാമത്തെ പെസഹ?*) (5:1–47).
   a. യേശു ഒരു മുടന്തനെ സൗഖ്യമാക്കുകയും – ശത്രുത യുണ്ടാവുകയും ചെയ്തു (5:1–17).
   b. യേശു ദൈവത്തോടുള്ള തുല്യത അവകാശപ്പെട്ടു – സാക്ഷ്യപ്പെടുത്തൽ (5:18–47).
      (1) യോഹന്നാന്റെ സാക്ഷ്യം.
      (2) യേശുവിന്റെ അത്ഭുതങ്ങളുടെ സാക്ഷ്യം.
      (3) ദൈവത്തിന്റെ സാക്ഷ്യം.
      (4) തിരുവെഴുത്തുകളുടെ സാക്ഷ്യം.
4. ഗലീലിയയിലേക്കു മടങ്ങിവരുന്നു (6:1–71):
   a. അയ്യായിരം പേരെ പോഷിപ്പിക്കുന്നു – ആളുകൾ യേശുവിനെ രാജാവാക്കുവാനും ശ്രമിക്കുന്നു (6:1–15). *(6:4-ൽ സൂചിപ്പിച്ച പെസഹ - മൂന്നാമത്തേതോ?)*
   b. വെള്ളത്തിന്മീതെ നടക്കുന്നു; ആളുകൾ അതിശയിച്ചു (6:16–25).
   c. ജീവന്റെ അപ്പത്തെ കുറിച്ചുള്ള ഉപദേശം; ആളുകൾ യേശുവിനെ വിട്ടുപോകുന്നു (6:26–71).
      (1) പലരും വിട്ടുപോകുന്നു (വാ. 66).
      (2) കുറച്ചുപേർ മാത്രം ശേഷിക്കുന്നു (വാ. 67, 68).
      (3) ഒരാൾ ഒറ്റിക്കൊടുക്കുന്നു (വാ. 64, 70, 71).
5. കൂടാരപെരുന്നാളിനു യെരുശലേമിലേക്ക് (സമാഗമന കൂടാരം) (7:1–10:21).
   a. പെരുന്നാളിനു പോകുന്നു; അവന്റെ സഹോദരന്മാരുടെ അവിശ്വാസം (7:1–13).
   b. പെരുന്നാളിനു ഉപദേശിക്കുന്നു, ജീവജലത്തെ കുറിച്ചുള്ള ഉപദേശം അടക്കം; അവന്റെ ശ്രോതാക്കളുടെ അനിശ്ചിതാവസ്ഥ (7:14–53).
   c. പെരുന്നാളിൽ വെല്ലുവിളിക്കുകയും – വ്യഭിചാര

കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ളതുപോലെ, അവൻ മൃദുലമായി ഇടപെടുന്നതും കാണാം (8:1–11).

d. പെരുന്നാളിൽ കൂടുതൽ ഉപദേശവും – അവന്റെ ശത്രുക്കളുടെ ശത്രുതയും (8:12–59).

e. പെരുന്നാളിൽ സൗഖ്യമാക്കുന്നു – ജന്മനാ കുരുടനായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നതടക്കം – തുടർന്ന് അവന്റെ ശത്രുക്കൾ നിരുത്സാഹപ്പെടുന്നു (9:1–41).

f. നല്ല ഇടയനെ കുറിച്ചുള്ള ഉപദേശവും – അവന്റെ സദസ്യർക്കുണ്ടായ തെറ്റിദ്ധാരണയും (10:1–21).

6. പ്രതിഷ്ഠോത്സവത്തിന് യെഹൂദ്യയിൽ (10:22–42).

a. യെരുശലേമിൽ ഉപദേശിക്കുന്നു – അവിശ്വാസവും (10:22–39).

b. യോർദ്ദാനിനപ്പുറത്തേക്കു വാങ്ങിപോകുന്നു (പെറിയയിലേക്ക്) – അവിശ്വാസവും (10:40–42).

7. അടുത്ത സ്നേഹിതരെ സഹായിക്കുവാൻ ബെഥാന്യയിലേക്ക് (യെരുശലേമിനടുത്ത്) പോയി (11:1–46):

a. ഒരു സമ്മർദ്ദ ആവശ്യം (11:1–17).

b. ഒരു നിർബന്ധപൂർവ്വമുള്ള പുനരുത്ഥാനം (11:18–45).

c. മുന്നറിയിച്ച ഒരു പ്രതികരണം (11:46–53).

8. യെഹൂദ്യയുടെ വടക്കുഭാഗത്തേക്കു വാങ്ങി പോകുന്നു. (എഫ്രയിം) (11:54).

D. അവന്റെ ശുശ്രൂഷയുടെ അവസാനത്തോടടുക്കുന്നു: *അവസാന പെസഹ (നാലാമത്തേത്?)* (11:55–57).

II. ദൈവപുത്രന്റെ ദൗത്യം: കഷ്ടതയുടെ ഒരാഴ്ച്ച (12:1–20:29).

A. യേശു യെരുശലേമിലേക്കു പോകുന്നു (12:1–50).

1. ബെഥാന്യയിൽ അഭിഷേകം (12:1–11).
2. യെരുശലേമിലേക്കുള്ള വിജയപ്രവേശനം (12:12–19).
3. യെരുശലേമിൽ ഉപദേശിക്കുന്നു (12:20–50).

B. യേശു ശിഷ്യന്മാരോടുകൂടെ (13:1–17:26).

1. അവസാന അത്താഴം (13:1–38).

a. കാൽകഴുകി.

b. ഒറ്റിക്കൊടുക്കൽ മുന്നറിയിച്ചു.

2. വലിയ വിടവാങ്ങൽ പ്രസംഗം (14:1–16:33): യേശുവിന്റെ ഉപദേശങ്ങൾ ...

a. അവന്റെ മരണം.

b. മുന്തിരിവള്ളിയും കൊമ്പുകളും.

c. പരിശുദ്ധാത്മാവിന്റെ വരവ്.

3. ഐക്യതക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥന (17:1–26).

C. യേശു ക്രൂശിൽ (18:1–19:42).

1. അവന്റെ വിചാരണകൾ (18:1–19:15).

a. യൂദാ ഒറ്റിക്കൊടുത്തു (18:1–11).

b. ഹന്നാവും കയ്യഫാവും വിചാരണ ചെയ്തു (18:12–24).

c. പത്രൊസ് തള്ളിപ്പറഞ്ഞു (18:25–27).
d. പിലാത്തൊസ് വിചാരണ ചെയ്തു (18:28–40).
e. പടയാളികൾ അടിച്ചു (19:1–15).
2. അവനെ ക്രൂശിൽ തറയ്ക്കുന്നു (19:16–30).
3. അവന്റെ അടക്കം (19:31–42).
D. യേശു ഉയർത്തെഴുന്നേറ്റു! (20:1–29).
1. മഗ്ദലക്കാരത്തി മറിയക്ക് ഉയർത്തെഴുന്നേൽപ്പു പ്രത്യക്ഷത (20:1–18).
2. തന്റെ ശിഷ്യന്മാർക്ക് ഉയർത്തെഴുന്നേൽപ്പു പ്രത്യക്ഷതകൾ (20:19–29).

**ഉപസംഹാരം (20:30–21:25).**

A. ഉദ്ദേശ പ്രസ്താവന (20:30, 31).
B. പത്രൊസിനുള്ള ഒരു പ്രത്യേക പാഠം (ഗലീലിയ കടൽക്കരയിൽ ഒരു ഉയർത്തെഴുന്നേൽപ്പു പ്രത്യക്ഷത) (21:1–17).
C. ലേഖകനെ കുറിച്ചുള്ള ഒരു പ്രസ്താവന (21:18–24).
D. ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള അവസാന പ്രസ്താവന (21:25).

---

കുറിപ്പുകൾ

[1]വാക്യങ്ങൾ 20 മുതൽ 23–വരെ സൂചിപ്പിക്കുന്നത് എന്തെന്നാൽ "യേശു സ്നേഹിച്ച ശിഷ്യൻ" ദീർഘകാലം ജീവിക്കുമെന്നാണ്. അപ്പൊസ്തലനായ യോഹന്നാൻ ആണ് ഇതെഴുതിയത് എന്നതിനുള്ള പരോക്ഷമായ തെളിവാണിത്, കാരണം ദൈവശ്വാസീയമല്ലാത്ത പാരമ്പര്യപ്രകാരം, അപ്പൊസ്തലന്മാരിൽ സ്വാഭാവികമായി മരിച്ചത് യോഹന്നാൻ മാത്രമായിരുന്നു. [2]അവന്റെ പേരിൽ അറിയപ്പെടുന്ന വിവരണം യോഹന്നാൻ അല്ല എഴുതിയത് എന്ന് തെളിയിക്കുവാൻ ചിലർ പാപിയസ് എഴുത്തുകളിൽ അവ്യക്തമായ സൂചനകൾ ഉപയോഗിച്ചിട്ടുണ്ട്. എങ്ങനെയായാലും, ആ പാപിയസ് രണ്ടു വ്യത്യസ്ത യോഹന്നാന്മാരെ പറ്റി പറയുന്നു, എന്നതിനു ശക്തമായ തെളിവുകൾ ഒന്നുമില്ല – അല്ലെങ്കിൽ, അപ്പൊസ്തലനായിരുന്ന യോഹന്നാൻ അല്ല നാലാമത്തെ സുവിശേഷ വിവരണം എഴുതിയത് എന്ന് അവൻ വിശ്വസിച്ചിരുന്നെങ്കിൽ, അതിനും തെളിവില്ല. [3]ഐറേനിയസ് *എഗെൻസ്റ്റ് ഹെറെസീസ്* 3.1.1. [4]ഇതിനെ സംബന്ധിച്ചുള്ള വിശദമായ ഒരു ചർച്ച (പരസ്പരം ബന്ധപ്പെടുത്തിയ തിരുവെഴുത്തുകളോടെ) ഡോൺ ഷെയ്ക്കൽഫോർഡിന്റെ, "ജോൺ," *ന്യൂടെസ്റ്റമെന്റ് സർവേ*, എഡി. ഡോൺ ഷാക്കൽഫോർഡിൽ കാണാം (സിയേഴ്സി, ആർക്ക്.: ഹാർഡിങ് യൂണിവേഴ്സിറ്റി, 1987), 151–53. [5]എഴുത്തുകാരനെ കുറിച്ചുള്ള ഈ വിശദീകരണവും മറ്റുള്ളവയും മറ്റുള്ള എഴുത്തുകാർക്ക് യോജിക്കു*ന്നില്ല* എന്ന് മെറിൽ ടെന്നി പറഞ്ഞു (മെറിൽ സി. ടെന്നി, *ന്യൂ ടെസ്റ്റമെന്റ് സർവേ*, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി. ഏർഡ്മാൻസ് പബ്ളിഷിങ് കമ്പനി., 1961), 187. [6]ശലോമിയും യേശുവിന്റെ അമ്മയും ബന്ധുക്കൾ ആയിരുന്നുവെന്ന് ചിലർ കരുതുന്നു (മർക്കൊസ് 15:40–ഉം യോഹന്നാൻ 19:25–ഉം താരതമ്യം ചെയ്യുക); അങ്ങനെയാണെങ്കിൽ, യേശുവും യോഹന്നാനും അകന്ന സഹോദരന്മാർ ആയിരുന്നു. അതുകൊണ്ടായിരിക്കാം യേശു തന്റെ അമ്മയെ യോഹന്നാനെ ഏൽപ്പിച്ചത്. [7]ആ തീർപ്പിന് ഒരു കാരണം എന്തെന്നാൽ അവന് പത്രൊസിനെ മറികടക്കുവാൻ കഴിഞ്ഞു (യോഹന്നാൻ 20:4). മറ്റൊന്ന് എന്തെന്നാൽ,

ലഭ്യമായ നല്ല തെളിവനുസരിച്ച്, അവൻ മറ്റു ശിഷ്യന്മാരെക്കാൾ കൂടുതൽ കാലം ജീവിച്ചു. യേശു പത്രൊസിനെ തന്നെ അനുഗമിക്കുവാനായി ക്ഷണിച്ചപ്പോൾ അവന് ഏതാണ്ട് ഇരുപത്തി–അഞ്ച് വയസ് പ്രായമുണ്ടായിരുന്നതായി ചിലർ കണക്കാക്കുന്നു. [8]ഒരു പ്രാരംഭ എഴുത്തുകാരൻ (ദൈവശ്വാസീയമല്ലാത്ത) പറഞ്ഞതനുസരിച്ച്, യോഹന്നാൻ ഒരു രക്തസാക്ഷിയായിരുന്നു; എന്നാൽ മിക്ക പ്രാരംഭ എഴുത്തു കാരും പറയുന്നത് അവൻ എഫെസൊസിൽ വെച്ച് വാർദ്ധക്യത്താൽ മരിച്ചു എന്നാണ്. [9]ഐറേനിയസ് *എഗെൻസ്റ്റ് ഹെറെസീസ്* 3.1.1. [10]അവസാനം, യോഹന്നാൻ തന്റെ വിവരണം നൽകുവാൻ കാരണം, അത് ദൈവേഷ്ടവും അവൻ അങ്ങനെ ചെയ്തത് പരിശുദ്ധാത്മാവിന്റെ ദൈവ ശ്വാസീയതയാലുമാണ് എന്നു മനസ്സിലാക്കണം.

[11]1 യോഹന്നാന്റെ ലേഖനവും യോഹന്നാന്റെ സുവിശേഷവും തമ്മിൽ അടുത്ത ബന്ധമുണ്ട്. ഉദാഹരണത്തിന്, അവയിലെ ആരംഭ വാക്കുകൾ താരതമ്യം ചെയ്യുക (യോഹന്നാൻ 1:1, 2, 14; 1 യോഹന്നാൻ 1:1–3). [12]പല തെറ്റായ മതവിഭാഗക്കാരും ക്രിസ്തുവിനെ കുറിച്ച് തെറ്റായ ആശയങ്ങൾ ഇന്നും പഠിപ്പിക്കുന്നു, അതുകൊണ്ട് യോഹന്നാന്റെ ആ ഊന്നൽ ഇപ്പോഴും ആവശ്യമാണ്. [13]യോഹന്നാൻ യേശുവിനെ കുറിച്ചു സംസാരിക്കുന്നതായിട്ടാണ് ആ സന്ദർഭം കാണിക്കുന്നത്. [14]രണ്ടാം നൂറ്റാണ്ടിൽ അജ്ഞാതനായ (ഒരുപക്ഷെ യോഹന്നാൻ എന്നു പേരുള്ള) ഒരാൾ ആയിരിക്കാം ആ പുസ്തകം എഴുതിയതെന്ന് ചില ഉദാരമതികളായ പണ്ഡിതന്മാർ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. എങ്ങനെയായാലും, പുതിയനിയമത്തിന്റെ ആരംഭ ഭാഗമായിരുന്ന പാപിറസിന്റെ വേർതിരിച്ചെടുത്ത ചെറിയ ഭാഗത്തിൽ യോഹന്നാൻ 18:31–33, 37, 38–ലെ സന്ദർഭം ഉൾപ്പെടുന്നു. അത് രണ്ടാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മിസ്രയീമിൽ വിതരണം ചെയ്ത കയ്യെഴുത്തുപ്രതികളുടെ ഭാഗമാണ്. അതിന്റെ തീയതി ഏതാണ്ട് ഏ.ഡി. 125 ആണ്. ഒന്നാം നൂറ്റാണ്ടിൽ മൂല ഗ്രന്ഥമെഴുതി എന്ന് ഇതു നമ്മെ ബോധ്യമാക്കുന്നു. [15]ലേഖകൻ അജ്ഞാതൻ. എറിക് ഡബ്ളിയു. ഹേഡന്റെ, *പ്രീച്ചിങ് ത്രൂ ദ ബൈബിൾ* എന്നതിൽ ആവർത്തിച്ചിരിക്കുന്നു (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർവാൻ പബ്ളിഷിങ് ഹൗസ്, 1964), 193. [16]ബൈബിളിൽ, അത്ഭുതങ്ങളെ വിളിച്ചിരിക്കുന്നത് ''അത്ഭുതങ്ങൾ,'' ''വീര്യ പ്രവൃത്തികൾ,'' ''അടയാളങ്ങൾ'' എന്നിങ്ങനെയാണ് (മത്തായി 11:20; മർക്കൊസ് 16:20; യോഹന്നാൻ 4:48). “അത്ഭുതം” എന്ന വാക്ക് സൂചിപ്പിക്കുന്നത് സംഭവിച്ചതിന്റെ അസാധാരണത്വത്തെയാണ്; “വീര്യപ്രവൃത്തി” എന്ന വാക്ക് അത്ഭുതങ്ങൾ നടന്നവരിൽ ചെലുത്തിയ സ്വാധീനത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു, എന്നാൽ “അടയാളം” എന്ന വാക്ക് അത്ഭുതങ്ങളുടെ ഉദ്ദേശത്തെ സൂചിപ്പിക്കുന്നു. യെഹൂദന്മാർക്ക് “ഒരു അടയാളം” ആവശ്യമായിരുന്നു എന്നത് ശ്രദ്ധിക്കുക (നോക്കുക മത്തായി 12:38; 16:1; കൂടാതെ 1 കൊരിന്ത്യർ 1:22–ഉം നോക്കുക). [17]ടെന്നി, 190. [18]എൻഎഎസ്ബി യിലും എൻഐവിയിലും “എൻട്രസ്റ്റ്” എന്ന വാക്കിന്റെ രൂപങ്ങൾ ഉണ്ട്. ആമ്പ്ളിഫൈഡ് ബൈബിളിൽ ഉള്ളത് “ഡിഡ് നോട്ട് ട്രസ്റ്റ് ഹിംസെൽഫ് ടു ദെം” എന്നാണ്. [19]ടെന്നി, 190–91. [20]“ഞാൻ” എന്ന ഈ ഓരോ പ്രസ്താവനകളുടെ പ്രാധാന്യത്തെയും ഈ പരമ്പരയിൽ പിന്നീടു വരുന്ന പാഠങ്ങളിൽ ചർച്ച ചെയ്യുന്നതായിരിക്കും.

[21]യേശുവിന്റെ ശുശ്രൂഷയുടെ ദൈർഘ്യത്തെ കുറിച്ച് വിവരണക്കാരുടെ ഊഹം ഈ നാലു വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. (ഈ പുസ്ത കത്തിൽ പിന്നീടു വരുന്ന “ക്രിസ്തുവിന്റെ വ്യക്തിപരമായ ശുശ്രൂഷ എത്ര നീണ്ടതായിരുന്നു?” എന്ന അനുബന്ധ ലേഖനം നോക്കുക. ആ വാക്യങ്ങളുടെ പ്രാധാന്യം നിമിത്തം, അവയ്ക്കുള്ള ഉപമകൾ ഈ പാഠത്തിന്റെ അവസാന പകുതിയിൽ കാണുന്ന രേഖാരൂപത്തിൽ ചരിച്ചെഴുതിയിരിക്കുന്നു.) [22]ടെന്നി, 192. [23]ഷെയ്ക്കൽഫോർഡ്, 153–55.